മൂവാറ്റുപുഴ - മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

ലിറ്റിൽ ഫ്ലവർ എൽ പി സ്കൂൾ

മൂവാറ്റുപുഴ പി ഓ

മൂവാറ്റുപുഴ വിദ്യാഭ്യാസ ഉപജില്ല

എറണാകുളം **686671**

ഫോൺ **,04852837435,8078767533**

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 26 അധ്യയന വർഷം

ആമുഖം

മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിലെ 22 -ാം വാർഡിൽ സ്ഥിതിചെയ്യുന്ന ലിറ്റിൽ ഫ്ലവർ എൽ പി സ്കൂൾ വർഷങ്ങളായി അനേകായിരം കുഞ്ഞുങ്ങൾക്ക് അക്ഷരവെളിച്ചം പകരുന്നു. മൂവാറ്റുപുഴ സബ് ജില്ലയിൽ കലാകായിക പ്രവർത്തി പരിചയ മത്സരങ്ങളിലെ തിളക്കമാർന്ന വിജയത്തോടൊപ്പം എൽഎസ്എസ് ഉൾപ്പെടെയുള്ള പഠന മികവും കരസ്ഥമാക്കുന്ന ലിറ്റിൽ ഫ്ലവർ ജില്ലയിലെ ഏറ്റവും മികച്ച സ്കൂളുകളിൽ ഒന്നാണ്.വിദ്യാലയ വികസന സമിതി പിടിഎ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ പൂർവ്വ വിദ്യാർത്ഥികൾ അധ്യാപകർ നാട്ടുകാർ വിവിധ രാഷ്ട്രീയ സാംസ്കാരിക സംഘടനകൾ എന്നിവരുടെ ശക്തമായ പിന്തുണയും നേതൃത്വപരമായ ഇടപെടലും ഈ നേട്ടങ്ങൾക്കുള്ള പ്രധാന കാരണങ്ങളിൽ ഒന്നാണ്.

ചരിത്ര വീഥിയിലൂടെ

പള്ളികളോട് ചേർന്ന് പള്ളിക്കൂടങ്ങൾസ്ഥാപിച്ച വാഴ്ത്തപ്പെട്ടചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻറെ ദർശന സാക്ഷ്യം ഉൾക്കൊണ്ട് 1938

ൽ ബഹുമാനപ്പെട്ട കണ്ടത്തിൽ അന്തപ്പായി അച്ചൻ സ്ഥാപിച്ച പള്ളിക്കൂടമാണ് ലിറ്റിൽ ഫ്ലവർ എൽ പി സ്കൂൾ .ഒന്നാം ക്ലാസിൽ 30 കുട്ടികളും രണ്ടാം ക്ലാസിൽ 20 കുട്ടികളുമായി ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ആദ്യ ഹെഡ്മിസ്ട്രസ് റവ.സി. ബനീഞ്ഞ സി.എം.സിയും സഹാധ്യാപിക റവ.സി.കൊച്ചുത്രേസ്യായുംആയിരുന്നു.1940-ൽ നാലാം ക്ലാസോടുകൂടിയ സമ്പൂർണ്ണ വിദ്യാലയമായി.കത്തോലിക്കാ മാനേജ്മെൻറ് സ്കൂൾ ആണെങ്കിലും ഇവിടെ പഠിക്കുന്ന ഭൂരിഭാഗം കുട്ടികളും നാനാ ജാതി മതസ്ഥരാണ്. ജാതിമത വർഗ്ഗ വർണ്ണഭേദങ്ങൾക്കതീതമായി മനുഷ്യരെ ഒന്നായി കാണാൻ സമൂഹത്തെ പ്രാപ്തരാക്കാൻ ഇവിടത്തെ സമീപനങ്ങൾക്ക് സാധിക്കുന്നു എന്നതിൽ ഞങ്ങൾ കൃതാർത്ഥരാണ്.

ദർശനം

മൂവാറ്റുപുഴ ലിറ്റിൽ ഫ്ലവർ എൽപി സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന നേട്ടങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി ആസ്വാദ്യകരമായി ലഭ്യമാക്കാൻ ഉതകുന്ന രീതിയിൽ ഓരോ ക്ലാസ് മുറിയിലും നല്ല പഠനാന്തരീക്ഷവും മികച്ച പഠന രീതികളും .

ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയ അന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാകുന്നു.
- വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- വിദ്യാർത്ഥികൾക്ക് ക്ലാസ് മുറികളിലും പഠന പ്രവർത്തനങ്ങൾക്ക് പുറമെ കലാ,കായിക ,പ്രവർത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങളായ ലബോറട്ടറി ,ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.
- ഓരോ അധ്യാപികയും ആധുനിക സാങ്കേതികവിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു.
- വിദ്യാർത്ഥികളും വിദ്യാർത്ഥിയും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയങ്ങളെ സജ്ജമാക്കുന്നു .

- പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പായിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

പഠനാന്തരീക്ഷം

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന് ,

- മികച്ച ക്ലാസ് മുറി സജ്ജീകരണം
- ക്ലാസ് മുറികളിലെ ജനാധിപത്യം ,അവസര സമത്വം ,സ്വതന്ത്ര ചിന്ത ,ലിംഗസമത്വം, എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം ഉറപ്പാക്കും.
- അനുയോജ്യമായ പഠനോപകരണങ്ങൾ ലഭ്യമാക്കൽ
- ഊഷ്മളമായ അധ്യാപക- വിദ്യാർത്ഥി ബന്ധം
- ആധുനിക സാങ്കേതികവിദ്യയുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തൽ .

- ക്ലാസ് ലൈബ്രറികൾ ശാസ്ത്ര ഗ്രന്ഥശാസ്ത്ര കോർണറുകൾ മികച്ച രീതിയിൽ സജ്ജീകരിക്കൽ
- കാര്യക്ഷമമായ സ്മാർട്ട് ക്ലാസ് മുറികൾ
- ഭിന്നശേഷി സൗഹൃദ ക്ലാസ് മുറി , ശുചിമുറിഎന്നിവ തയ്യാറാക്കൽ
- സ്കൂൾ പാർലമെൻറ് സംഘടിപ്പിച്ച് ജനാധിപത്യപരമായി കാര്യങ്ങൾ ചർച്ച ചെയ്തു നടപ്പിലാക്കൽ.

അധ്യാപകർ

പാഠ്യ പദ്ധതിക്ക് അനുസൃതമായി പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടതുണ്ട്. ഇതിന് താഴെ പറയുന്ന കാര്യങ്ങൾ സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് ഉറപ്പാക്കും .

- സ്വതന്ത്രവും നിർഭയവുമായ അന്തരീക്ഷം
- പഠന സാമഗ്രികളുടെ യഥാസമയം ലഭ്യത
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ (മനുഷ്യ വിഭവം സമ്പത്ത് സാമഗ്രികളുടെ ലഭ്യത )
- മികച്ച സാമൂഹിക പിന്തുണ
- ദൈനംദിന ആസൂത്രണവും സമഗ്ര ആസൂത്രണവും
- മികച്ച അധ്യാപക രക്ഷാകർതൃ ബന്ധം .

ഭൗതിക സാഹചര്യം

മൂവാറ്റുപുഴ ലിറ്റർ എൽ പി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കും.

- പരിസ്ഥിതി സൗഹൃദ വിദ്യാർത്ഥി സൗഹൃദ സ്കൂൾ ക്ലാസ് അന്തരീക്ഷം
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന സാമഗ്രികൾ (ശാസ്ത്രം ഗണിതം )

- ക്ലാസ് ലൈബ്രറി
- മികച്ച പാചക മുറി ,പോഷകസമൃദ്ധമായ ഉച്ചഭക്ഷണം.
- ഗതാഗത സൗകര്യം.

സാമൂഹ്യ ഇടപെടലുകൾ

മൂവാറ്റുപുഴ ലിറ്റിൽ സ്കൂളിന്റെ വളർച്ചയുടെ പ്രധാന കാരണം വിദ്യാലയത്തിന് സമൂഹവുമായുള്ള ബന്ധമാണ് മൂവാറ്റുപുഴ വിദ്യാഭ്യാസ ഉപജില്ലയിൽ മികച്ച സാമൂഹ്യ ഇടപെടൽ നടത്തുന്ന പൊതുവിദ്യാലയങ്ങളിൽ ഒന്നാണ് ലിറ്റിൽ ഫ്ലവർ എൽ പി സ്കൂൾ . മുൻവർഷങ്ങളിലെ സ്കൂൾ മാനേജ്മെന്റ് മുൻസിപ്പാലിറ്റി ഭരണസമിതികളും പി ടി എ ,എം പി റ്റി എ സ്കൂൾ വികസന സമിതി എന്നിവയുടെ പിന്തുണയും വിദ്യാലയത്തെ ഒരുപാട് സഹായിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ വെല്ലുവിളികൾ

അക്കാദമികം

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല
- റിസോഴ്സ് അധ്യാപകരുടെ കുറവ്
- പിന്നെ നിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം
- 10% കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല
- ശരിയായ കായിക ക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
- പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല
- സ്വതന്ത്ര വായനയ്ക്കും ലേഖനത്തിനും കുട്ടികൾക്ക് കഴിയുന്നില്ല
- ഇംഗ്ലീഷ് ഭാഷ സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ കഴിയുന്നില്ല
- ഗണിത ആശയങ്ങൾ കുട്ടികളിൽഉറക്കുന്നില്ല ഓരോ ക്ലാസിൽ നിന്ന് നേടേണ്ട അടിസ്ഥാന ധാരണകൾ നേടാതെ തുടർ ക്ലാസിലേക്ക് പ്രവേശിക്കുമ്പോൾ കുട്ടിയിൽ പഠന വിടവ് ഉണ്ടാകുന്നു .പാഠപുസ്തകം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം
- ശാസ്ത്രീയ കാഴ്ചപ്പാടുകൾവികസിക്കുന്നില്ല

- ശാസ്ത്ര പരീക്ഷണങ്ങൾ സ്വയം ചെയ്യാൻ കഴിയുന്നില്ല.പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ നിഗമനത്തിൽ എത്തൽ എന്നിവയെക്കുറിച്ച് ധാരണയില്ല

ഭൗതികം

- റിസോഴ്സ് റൂമുകളുടെ അഭാവം
- കളിസ്ഥലം ഇല്ല
- ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല

സാമൂഹികം

- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- പൂർവ വിദ്യാർത്ഥി സംഘടന പൂർവ്വ അധ്യാപക സംഘടനകളുടെ സാധ്യതകൾ വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
- പ്രാദേശിക വിഭവഭൂപടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.

ഹ്രസ്വകാല ലക്ഷ്യങ്ങൾ

- ഭാഷാവിഷയങ്ങൾ ,ഗണിതം ,ശാസ്ത്രവിഷയങ്ങളിൽ അടിസ്ഥാന ധാരണ ഉറപ്പിക്കൽ
- ഓരോ കുട്ടിക്കും പ്രത്യേക പരിഗണന
- പോഷകാഹാരം ,വ്യക്തിഗത ശ്രദ്ധ ,മാനസികാരോഗ്യം എന്നിവ ഉറപ്പാക്കൽ

ദീർഘകാല ലക്ഷ്യങ്ങൾ

- മൂവാറ്റുപുഴ ലിറ്റിൽ ഫ്ലവർ എൽ പി സ്കൂളിനെ സമ്പൂർണ്ണ ഗുണമേന്മ വിദ്യാലയമാക്കി മാറ്റുക .
- വിവിധ മേഖലകളിൽ കുട്ടികൾ മികവ് പ്രകടിപ്പിക്കണം

- ശാസ്ത്രീയമായ വിദ്യാഭ്യാസം ഓരോ കുട്ടിക്കും ഉറപ്പാക്കണം
- ശാരീരികവും മാനസികവുമായ വളർച്ച ഉറപ്പുവരുത്തണം
- വിവിധ മത്സര പരീക്ഷകൾ, സ്കോളർഷിപ്പുകൾ എന്നിവയിൽ മികച്ച റിസൾട്ട്

## സ്കൂൾതല പ്രവർത്തനങ്ങൾ

### 1.ലൈബ്രറി വികസനം

പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികളിൽ വായനാശീലം വളർത്തുക.
- ഭാഷാപരമായ നൈപുണി നേടുക.
- വായനയിൽ പ്രാവീണ്യം നേടുക
- വായനയിൽ താല്പര്യംവളർത്തുക
- പാഠഭാഗവുമായി ബന്ധപ്പെട്ട അധിക വായന പ്രോത്സാഹിപ്പിക്കൽ .
- പൊതുവിജ്ഞാനം വളർത്തുന്നതിന് .

| ക്രമ നമ്പർ | പ്രവർത്തന കലണ്ടർ | നിർവഹണ കാലഘട്ടം. |
|---|---|---|
| | ലൈബ്രറി വിപുലീകരിക്കുന്നതിനായി കുട്ടികളുടെ ജന്മദിനവുമായിബന്ധപ്പെട്ടു സ്കൂൾ വികസന ഫണ്ട് ഉപയോഗിച്ചു പുസ്തക ശേഖരിക്കുന്നു. | ജൂൺ - മാർച്ച് |

| | | |
|---|---|---|
| | കുട്ടികൾക്ക് ഇരുന്ന വായിക്കുന്നതിനുള്ള വായനാമുറി സജ്ജീകരിക്കുന്നു.<br><br>കുട്ടികളുടെ എണ്ണത്തിനനുസൃതമായി ഓരോ ക്ലാസിലേക്കും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുന്ന ക്ലാസ് ലൈബ്രറിയുടെ ചുമതല ക്ലാസ് ടീച്ചറിനെ ഏൽപ്പിക്കുന്നു | ജൂൺ |

പച്ചക്കറിത്തോട്ട നിർമ്മാണം

പ്രതീക്ഷിത നേട്ടങ്ങൾ

- കുട്ടികളിൽ കൃഷിയോടുള്ള താല്പര്യം വളർത്തുക
- ജൈവകൃഷിയുടെ പ്രാധാന്യം തിരിച്ചറിയുക.
- പരിമിതമായ സ്ഥലത്തും കൃഷി ചെയ്യാം എന്നുള്ള തിരിച്ചറിവ് ഉണ്ടാക്കുക.

| | | |
|---|---|---|
| | ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ ക്ലാസ് അടിസ്ഥാനത്തിൽ ഗ്രോബാഗുകളിലായി വിവിധയിനം പച്ചക്കറികൾ കൃഷി ചെയ്യുന്നു | ജൂൺ |
| | പച്ചക്കറി പരിപാലനവും വിളവെടുപ്പും | ജൂൺ മാർച്ച് |

ഭവന സന്ദർശനം

പ്രതീക്ഷിത നേട്ടങ്ങൾ

- ഓരോ കുട്ടിയെയും വ്യക്തിപരമായി അടുത്തറിയുക
- ജീവിക്കുന്ന സാഹചര്യങ്ങൾ മനസ്സിലാക്കുക

| | | |
|---|---|---|
| | അധ്യാപകർ കുട്ടികളുടെ വീട് സന്ദർശിക്കുന്നു | ജൂൺ - സെപ്തംബർ |

വിവിധയിനം പരിശീലന പ്രവർത്തനങ്ങൾ

പ്രതീക്ഷ നേട്ടങ്ങൾ

- കുട്ടികളിലെ കലാപരമായ കഴിവുകൾ കണ്ടെത്തുക, പരിപോഷിപ്പിക്കുക.
- കുട്ടികളുടെ കായിക ശേഷി വളർത്തുക
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ കുട്ടികളെ പരിശീലിപ്പിക്കുക.

| | | |
|---|---|---|
| | ഡാൻസ് പരിശീലനം. | ജൂൺ മാർച്ച് |
| | കരാട്ടെ പരിശീലനം | ജൂൺ മാർച്ച് |
| | ക്വിസ് -എല്ലാ വെള്ളിയാഴ്ചയും പൊതുവിജ്ഞാനത്തെ അടിസ്ഥാനമാക്കിയുള്ള ക്വിസ് | ജൂൺ -മാർച്ച് |
| | സ്പോക്കൺ ഇംഗ്ലീഷ് പരിശീലനം | ജൂൺ- മാർച്ച് |
| | നീന്തൽ പരിശീലനം | സെപ്റ്റംബർ. |
| | പഠനത്തിൽ പ്രത്യേക പരിഗണന ആവശ്യമുള്ളവർക്കുള്ള പരിശീലനം | ജൂൺ -മാർച്ച് |

ഉപസംഹാരം

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത് ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികളുടെയും അവകാശമാണെന്നുള്ള തിരിച്ചറിവോടെ ആണ്.ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നിശ്ചിത സമയത്തിനുള്ളിൽ ലക്ഷ്യങ്ങൾ പ്രാപ്തമാക്കാം എന്ന് പ്രതീക്ഷിക്കുന്നു .